# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5872 — 09.07.2012- ലെ മറുപടിക്ക്

## കയർ തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുടിശ്ശികയില്ലാതെ കയർ തൊഴിലാളി പെൻഷൻ നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) മുൻ കയർ തൊഴിലാളികൾക്ക് 2012 ജനുവരി വരെയുള്ള പെൻഷൻ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി പെൻഷൻ നൽകുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അത് ഉടൻ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കയർ തൊഴിലാളി പെൻഷൻ നൽകാൻ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കയർ തൊഴിലാളി പെൻഷൻ നൽകുന്നതിനായി 10.00 കോടി രൂപ (Non Plan) വകയിരുത്തിയിട്ടുണ്ട്. |
| സി) 2006 ലും 2011 ലും കയർ ത്തൊഴിലാളികളുടെ കൂലി എത്ര രൂപയായിരുന്നു; ഈ സർക്കാർ കയർത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോ ായെന്നു വ്യക്ത മാക്കുമോ ; | സി) 2006 കാലഘട്ടത്തിൽ കൂലിക്ക് ഒരു ഏകീകൃത സ്വഭാവം നിലവിലില്ലായിരുന്നു. വിവിധ സ്ഥലങ്ങളിൽ 50 രൂപ മുതൽ 100/- രൂപവരെ കൂലി നിലവിലുണ്ടായിരുന്നു. 2011 ൽ ഒരു ഏകീകൃത സ്വഭാവത്തിൽ കുറഞ്ഞത് 150/- രൂപയെങ്കിലും ആകണമെന്ന രീതിയിൽ (GO(MS)No.30/11/ID dtd. 31.01.2011) ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി. ഈ സർക്കാർ കയർ തൊഴിലാളി കളുടെ കൂലി 210/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. |
| (ഡി): കയർത്തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ 2006 ലും 2011 ലും എത്ര രൂപയായിരുന്നു; ഈ സർക്കാർ കയർത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചു നൽകിയിട്ടു ണ്ടോയെന്നു വ്യക്തമാക്കുമോ ? | (ഡി): കയർ തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ 2006 ൽ 100/- രൂപയും, 4/2010 മുതൽ 3/2011 വരെ 300/- രൂപയും 4/2011 മുതൽ 400/- രൂപയും ആണ്. ഈ സർക്കാർ 01.04.2011 മുതൽ 400/- രൂപയാക്കി വർദ്ധിപ്പിച്ചതുക 1/2012 വരെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ